**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5639** **16-03-2023 - ൽ മറുപടിയ്ക്ക്**

**സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള എൽ.ഡി. ക്ലാർക്ക് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നിയമനം നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ആശ്രിത നിയമനം, ഒരു വർഷം ഒരു ജില്ലയിൽ ഒരു വകുപ്പിൽ ഒരു തസ്തികയിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ അധികരിക്കരുതെന്ന് ബഹു.ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിലെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. |
| (ബി) | സമയബന്ധിതമായി നിയമനം ലഭിക്കാത്തതിനാൽ മരണപ്പെട്ട ഉദ്യോഗസ്ഥരുടെ ആശ്രിത കുടുംബങ്ങൾ വലിയ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം എൽ.ഡി. ക്ലാർക്ക് നിയമനത്തിന് പ്രത്യേക സ്കീം തയ്യാറാക്കി നിയമന നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദമാക്കുമോ? | (ബി) | ആശ്രിത നിയമനം, ഒരു വർഷം ഒരു ജില്ലയിൽ ഒരു വകുപ്പിൽ ഒരു തസ്തികയിൽ ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5 ശതമാനത്തിൽ അധികരിക്കരുതെന്ന് ബഹു.ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്. ആശ്രിത നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് ചീഫ് സെക്രട്ടറി സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിലെ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ